"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - ഡോ.കാവേരി വർമ്മ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ നം 1051/2023 കേസിലെ ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2533/2023/H&FWD തീയതി,തിരുവനന്തപുരം, 02-10-2023

---

പരാമർശം:- 1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023

2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023

3 ഡോ.കാവേരി വർമ്മ സമർപ്പിച്ച അപ്പീൽ അപേക്ഷ

4 ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, ഒഎ 1051/2023 നമ്പർ കേസിൽ 21.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവ്

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായ ഡോകാവേരി വർമ്മയെ, ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.കാവേരി വർമ്മ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ 1051/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാളെ നേരിൽ കേൾക്കുന്നതിനും ടിയാളുടെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകയേയും ബന്ധപ്പെട്ട എതിർ കക്ഷിയേയും നേരിൽ കേൾക്കുകയും അപേക്ഷകയുടെ അപ്പീൽ വിശദമായി പരിശോധിക്കുകയും

ഉണ്ടായി. ഡോ.കാവേരി വർമ്മ വിവാഹ മോചിതയാണെന്നും, ആയതിനാൽ പുനർവിവാഹം കഴിക്കാത്ത വിവാഹ മോചിതരുടെ പ്രത്യേകാനുകൂല്യം നൽകി തിരുവനന്തപുരം ജില്ലയിൽ നിലനിർത്തണമെന്നുമാണ് ടിയാൾ നേരിൽകേൾക്കുന്ന വേളയിൽ ആവശ്യപ്പെട്ടത്. കമ്മിറ്റി വിഷയം പരിശോധിക്കുകയുണ്ടായി. ടിയാൾ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക് നിയമനം നൽകിയിരിക്കുന്നത്, പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും വിവിധ വിഭാഗങ്ങൾക്കുള്ള സീനിയോറിറ്റിയും സംരക്ഷണവും പരിഗണിച്ചുകൊണ്ടും ആണ്. എന്നാലും ടിയാളുടെ അവസ്ഥ പരിഗണിച്ച് ടിയാൾ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലെ ഒഴിവിലേക്ക് അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് സമിതി ശിപാർശ ചെയ്യുകയുണ്ടായി.

(3) കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഡോ.കാവേരി വർമ്മ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലെ ഒഴിവിലേക്ക് അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള ,തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ.കാവേരി വർമ്മ ,അസിസ്റ്റന്റ് സർജൻ (ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന)

ഡോ.സുരേഷ് റാബിൻ.ആർ.എസ് അസിസ്റ്റന്റ് സർജൻ (ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

R Renuka

Date: 02-10-2023 21:25:29

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 03.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

491667

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

GOVERNMENT OF KERALA 2017-18